എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ കാര്യാലയം,
കെ.ഐ.പി. (എൽ.ബി) ഡിവിഷൻ നമ്പർ. 5,
കൊല്ലം, തീയതി : 28/03/2018.

നം. ഡി6 - 838/2016

**കേരളസർക്കാർ**

**ജലവിഭവവകുപ്പ്**

**കല്ലട ജലസേചനപദ്ധതി**

**ലഘു ദർഘാസ് പരസ്യം**

കേരളാ ഗവർണർക്കുവേണ്ടി കൊല്ലം കെ.ഐ.പി.(എൽ.ബി.) ഡിവിഷൻ നം.5 എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ്, ജലവിഭവവകുപ്പുകളിലെ രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽനിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വച്ച കവറുകളിൽ 17/04/2018, 2: 00 മണി വരെ രജിസ്റ്റർ ചെയ്ത തപാലിൽ ക്ഷണിച്ചുകൊള്ളുന്നു. കൊറിയർ വഴിയോ നേരിട്ടോ സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാലിൽ ഉണ്ടാകുന്ന കാലതാമസങ്ങൾക്ക് ഈ ഓഫീസ് ഉത്തരവാദിയായിരിക്കുന്നതല്ല. ദർഘാസുകൾ സ്വീകരിക്കുന്ന ദിവസം അവധിയായാൽ അതിന്റെ അടുത്ത പ്രവൃത്തി ദിവസം പ്രസ്തുത സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ അന്നേദിവസം 3: 00 മണിയ്ക്ക് ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും. ദർഘാസിൽ പങ്കെടുക്കുന്ന കരാറുകാർ അവരുടെ കരാർ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ ജോയിന്റ് രജിസ്ട്രാർ നൽകുന്ന നടപ്പ് വർഷത്തെ യോഗ്യതാ പ്രമാണം, കൈവശ പ്രവൃത്തികളുടെ കണക്ക് അവർക്കെടുക്കാവുന്ന പ്രവൃത്തികളുടെ സാമ്പത്തിക പരിധി സൊസൈറ്റികൾക്ക് ബാധകമായ നിബന്ധനകൾ മുതലായവ ഉൾക്കൊള്ളുന്ന പ്രമാണം (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറിൽ നിന്നും ലഭിച്ചത് )എന്നിവ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടാതെ ദർഘാസിൽ പങ്കെടുക്കുന്നവർ 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ പ്രഥമ കരാർ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസിൽ പങ്കെടുക്കുന്ന കരാറുകാർ അവരുടെ പാൻകാർഡിന്റെ അസ്സൽ പകർപ്പും സമർപ്പിക്കേണ്ടതാണ്.

ജലസേചന വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും. ദർഘാസ് പ്രമാണത്തിന്റെ വില ട്രഷറിയിൽ നിർദ്ദിഷ്ട അക്കൗണ്ടിൽ അടച്ച് രസീത് ഹാജരാക്കുന്ന മുറയ്ക്ക് ദർഘാസ് പ്രമാണങ്ങൾ വിതരണം ചെയ്യുന്നതായിരിക്കും.

| | |
|---|---|
| **ദർഘാസ് വിതരണം ചെയ്യുന്ന തീയതി** | 12/04/2018 3:00 മണി വരെ |
| **ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന തീയതി** | 17/04/2018 2:00 മണി വരെ |
| **ദർഘാസ് തുറക്കുന്ന തീയതി :** | 17/04/2018 3 : 00 മണി |

| നമ്പർ | ദർഘാസ് നം. | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം | ദർഘാസ് പ്രമാണ ത്തിന്റെ വില (രൂപ) | പ്രവൃത്തി തീർക്കേ ണ്ട കാലാ വധി | കരാറു കാരന്റെ യോഗ്യത |
|---|---|---|---|---|---|---|
| 1 | 12/EE/KIP/KLM/2017-18 | കെ.ഐ.പി(എൽ.ബി) കല്ലുവാതുക്കൽ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 1600 മീറ്റർ മുതൽ 1680 മീറ്റർ വരെ ചോർച്ചയും കവിഞ്ഞൊഴുകലും തടയുന്നതിനുള്ള ഫ്ളൂമിന്റെ അറ്റകുറ്റപ്പണികൾ അടങ്കൽ തുക 4,04,000/- | 10100/- | 900+ ജി.എസ്.റ്റി | 6 മാസം | "ഡി"യും ഉപരിയും |

എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണർക്ക് വേണ്ടി)

പകർപ്പ്:-

(1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, കൊല്ലം
(2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, കൊല്ലം
(3) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ ഡിവിഷൻ, കൊല്ലം
(4) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ, കൊല്ലം
(5) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഐ.പി(എൽ.ബി)സബ്ഡിവിഷൻ നം.13,കൊല്ലം.
(6) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഐ.പി(എൽ.ബി)സബ്ഡിവിഷൻ നം.19,കൊട്ടിയം.
(7) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഐ.പി(ആർ.ബി)സബ്ഡിവി. നം.26, കരുനാഗപ്പള്ളി
(8) അസിസ്റ്റന്റ് എഞ്ചിനീയർ, കെ.ഐ.പി സെക്ഷൻ നം.30/19, കൊട്ടിയം
(9) അസിസ്റ്റന്റ് എഞ്ചിനീയർ, കെ.ഐ.പി സെക്ഷൻ നം.28/19, കൊട്ടിയം
(10) അസിസ്റ്റന്റ് എഞ്ചിനീയർ, കെ.ഐ.പി സെക്ഷൻ നം.40/26, കരുനാഗപ്പള്ളി
(11) അഖില കേരള കോൺട്രാക്ടേഴ്സ് അസോസിയേഷൻ, കൊല്ലം.
(12) നോട്ടീസ് ബോർഡ്
(13) സ്പെയർ/ ഫയൽ